# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2018** **12.02.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്**

**തീരദേശ കപ്പൽപാത, കപ്പലിടിച്ച് മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് സഹായധനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | തീരദേശ കപ്പൽപാതയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ഇതു മൂലമുണ്ടാകുന്ന ഭീഷണികളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് പഠിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ വിശദമായ പഠനം നടത്തുമോ ; | (ബി) | ഇത് സംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |
| (സി) | കപ്പലിടിച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഈ സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ കുടുംബത്തിന് കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ? | (സി) | 01.03.2012-ൽ ആലപ്പുഴ ചേർത്തലയിൽ ഡോൺ എന്ന മത്സ്യബന്ധന ബോട്ടിൽ പ്രഭുദയ എന്ന ചരക്കു കപ്പലിടിച്ച് മരണമടഞ്ഞ 5 പേരുടെ കുടുംബങ്ങൾക്ക് അപകട ഇൻഷുറൻസ് തുകയായി നൽകിയ ധനസഹായം ചുവടെ ചേർക്കുന്നു.<br>1. ശ്രീ. ജസ്റ്റിൻ - 3,10,000/- രൂപ<br>2. ശ്രീ.സേവ്യർ - 3,12,000/- രൂപ<br>3. ശ്രീ. ബർണാഡ്- 3,07,000/- രൂപ<br>4. ശ്രീ. സന്തോഷ് - 3,07,000/- രൂപ<br>5. ശ്രീ. ക്ലീറ്റസ് - 3,00,000/- രൂപ<br>കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു സാമ്പത്തിക സഹായവും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ